# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – നെന്മണിക്കര ഗ്രാമപഞ്ചായത്ത് - 2007-08, വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-3 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 എന്നിവയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.3892 /15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/12/2015

---

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 20/12/2014-ലെലെ എം3-47692/14 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14/09/2015-ലെ എൽ.എഫ്.3613/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3-ൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര തെങ്ങ് കൃഷി വികസനം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വളം മാത്രം വിതരണം ചെയ്തതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 41,038/-രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 3,99,077/-രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗാലസ -വാഴ പച്ചക്കറികൃഷി വികസന പദ്ധതിയിൽ സബ്സിഡി മാനദണ്ഡത്തിന് വിരുദ്ധമായി വളത്തിന് അധികമായി സബ്സിഡി നൽകിയ 17,635/-രൂപ എന്നിവ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ പകർപ്പ് സഹിതം അനുകൂല ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും വിനിയോഗിച്ച തുക ക്രമീകരിക്കുന്നതിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെയും ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും തീരുമാനവും കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം ചെലവഴിച്ച 41,038/-(നാൽപത്തിയൊന്നായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) രൂപ, 2008-09 വർഷത്തെ ഖണ്ഡിക 3.3 പ്രകാരം ചെലവഴിച്ച 3,99,077/-(മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി എഴുപത്തിയേഴ് രൂപ മാത്രം) രൂപ,2009-10 വർഷത്തെ ഖണ്ഡിക 3.1 പ്രകാരം ചെലവഴിച്ച 17,635/-(പതിനേഴായിരത്തി അറന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,.
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ